## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -4250 24.06.2019-ലെ മറുപടി**

## ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ നിലവിലുള്ള കുടിവെള്ള പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.പി. ഉണ്ണി | | കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) | ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ നിലവിലുള്ള കുടിവെള്ള പദ്ധതികൾ ഏതെല്ലാം; ഓരോ പദ്ധതിയുടേയും വിശദാംശം നൽകാമോ; | (എ) | ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ നിലവിലുള്ളതും നടന്നുവരുന്നതുമായ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.<br>ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ ജലനിധി നടപ്പാക്കുന്ന കുടിവെള്ള പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.<br>**1. ലക്കിടി പേരൂർ LWSS-1**<br>ഈ പദ്ധതി 31.01.2019 ന് പൂർത്തീകരിച്ചു. 3510 കുടുംബങ്ങൾക്ക് നിലവിൽ ജല വിതരണം നടത്തുന്നു. ടാങ്കിക്കുന്നിൽ സ്ഥാപിച്ചിട്ടുള്ള 3.00 mld ശുദ്ധീകരണശാലയിൽ നിന്ന് ജലം അവിടെത്തന്നെ സ്ഥാപിച്ചിട്ടുള്ള 6.60 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂതല സംഭരണിയിൽ എത്തിച്ചു ശുദ്ധജല വിതരണം നടത്തുന്നു.<br>**2. ലക്കിടി പേരൂർ LWSS-II**<br>ലക്കിടിപേരൂർ ഗ്രാമപഞ്ചായത്തിലെ കിഴക്കൻ മേഖലയിലെ 2000 കുടുംബങ്ങൾക്കായി കുടിവെള്ളം എത്തിക്കാൻ ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നു. നിലവിൽ ബൃഹത് പദ്ധതി LWSS- 1 ന് വേണ്ടി സ്ഥാപിച്ച ശുദ്ധീകരണശാല ഉപയോഗിച്ച് പത്തിരിപ്പാല പതിനാലാം മൈലിൽ സ്ഥാപിക്കുന്ന 3.56 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണിയിൽ നിന്നും ജലവിതരണം നടത്താനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഈ പദ്ധതിയുടെ പ്രവൃത്തി രണ്ടു മാസത്തിനുള്ളിൽ പൂർത്തീകരിക്കാന് കഴിയും.<br>**3. സംഘമിത്ര SWSS**<br>സംഘമിത്ര SWSS പദ്ധതി 01.11.2016 ൽ കമ്മിഷൻ ചെയ്തു. ഈ പദ്ധതിയിൽ 106 കുടുംബങ്ങൾക്ക് ജലവിതരണം നടത്തിവരുന്നു. 25000 ലിറ്റർ സംഭരണശേഷിയുള്ള ജലസംഭരണിയിൽ നിന്നാണ് ജലവിതരണം നടത്തുന്നത് |
| (ബി) | ലെക്കിടി പേരൂർ ഗ്രാമ പഞ്ചായത്തിലെ ജലനിധി കുടിവെള്ള പദ്ധതി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ | (ബി) | ലക്കിടിപേരൂർ ഗ്രാമപഞ്ചായത്തിൽ നിലവിൽ 351 കുടുംബങ്ങൾക്ക് ജലവിതരണം നടത്തുന്ന ശ്രദ്ധയിൽപ്പെടുന്ന പരാതികൾ താമസം വിനാ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീക രിക്കുന്നുണ്ട് |

| | |
|---|---|
| എന്തെല്ലാമെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനായി ഈ സർക്കാർ കൈക്കൊണ്ട നടപടികൾ വിശദീകരിക്കാമോ? | ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിൽ LWSS ൽ SLEC 1 നു കീഴിൽ വരുന്ന 6 വാർഡുകളിലെ എല്ലാ ഗുണഭോക്താകൾക്കും കുടിവെള്ളം എത്തിയിട്ടില്ല എന്നതും, KWA യുടെ കണക്ഷൻ നിലവിലുണ്ടായിരുന്ന ഉപഭോക്താക്കളെ ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്താത്തതും, നിലവിലുള്ള SLEC/BG യുടെ കാലാവധി , രജിസ്ട്രേഷൻ പുതുക്കൽ, പൊതുയോഗം നടത്തൽ എന്നിവ നടക്കുന്നില്ല തുടങ്ങിയ പ്രശ്നങ്ങൾ 2019 മാർച്ച് മാസം 7 ാം തീയതി ബഹുമാനപ്പെട്ട ജലവിഭവ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹുമാനപ്പെട്ട എം.എൽ.എയുടെ സാന്നിദ്ധ്യത്തിൽ നടത്തിയ അവലോകന യോഗത്തിൽ ചർച്ചചെയ്ത് തീരുമാനമെടുത്തതനുസരിച്ച്<br>1. ലക്കിടിപേരൂർ എൽ.ഡബ്ല്യു.എസ്.എസ് നു കീഴിൽ പറയപ്പെട്ട 6 വാർഡുകളിൽ എല്ലാ കണക്ഷനുകളിലും കുടിവെള്ളം എത്തി എന്ന് ഉറപ്പാക്കി .<br>2. ജല അതോറിറ്റിയുടെ നിലവിലുള്ള ഉപഭോക്താക്കളിൽ ജലനിധി കണക്ഷന് അപേക്ഷിച്ചവരിൽ ജല അതോറിറ്റിയുടെ വെള്ളക്കര കുടിശ്ശിക അടവാക്കുന്ന മുറക്ക് പുതിയ കണക്ഷൻ നൽകുന്നു.<br>3) നിലവിൽ 2018-19 ലേയ്ക്കുള്ള എസ് .എൽ .ഇ .സി രജിസ്ട്രേഷൻ പുതുക്കിയിട്ടുണ്ട്. പുതിയ ഭാരവാഹികളെ 20-06-2019 ൽ തെരഞ്ഞെടുത്തു . എസ് .എൽ .ഇ .സി 1 ന്റെ പദ്ധതിയിൽ നേരത്തെ ചേരാത്ത ഗുണഭോക്താക്കൾക്ക് കണക്ഷൻ നൽകുന്നതിനുള്ള തീരുമാനം പുതിയതായി തെരഞ്ഞെടുക്കപ്പെട്ട സമിതി എടുക്കുന്നതാണ് .<br>മേൽ സൂചിപ്പിച്ച കാര്യങ്ങൾക്ക് പുറമേ പദ്ധതിയുടെ പമ്പ് ഹൗസുകളിൽ അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം മൂലം ശുദ്ധീകരണശാലയുടെ തുടർച്ചയായുള്ള പ്രവർത്തനത്തിന് തടസ്സം നേരിടുന്നുണ്ട്. ഇക്കാര്യം കെ.എസ്.ഇ.ബി അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |

Renuka Sankar

**സെക്ഷൻ ഓഫീസർ**

## ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ നിലവിലുള്ള കുടിവെള്ള പദ്ധതികൾ

കേരള ജല അതോറിറ്റിയുടെ കീഴിൽ ഒറ്റപ്പാലം അസംബ്ലി നിയോജക മണ്ഡലത്തിൽ നടന്നുവരുന്നതും സമീപകാലത്ത് പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യതുമായ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു

1. **കിഫ്ബി 2016-17 അമ്പലപ്പാറ ഗ്രാമ പഞ്ചായത്തിന് വേണ്ടിയുള്ള കുടിവെള്ള പദ്ധതി ഒന്നാംഘട്ടം**

ഈ പദ്ധതിക്കായി ആയിരം ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചു ഇതിലുൾപ്പെട്ട ഘടകങ്ങൾ - 8.5 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണി, ക്ലിയർ വാട്ടർ പമ്പിങ് മെയിൻ, ക്ലിയർ വാട്ടർ പമ്പ് ഹൗസ്, ക്ലിയർ വാട്ടർ പമ്പ് സെറ്റ് സപ്ലൈ ചെയ്ത് സ്ഥാപിക്കൽ, 315 KVA ട്രാൻസ്ഫോർമർ, അനുബന്ധ പ്രവർത്തികൾ എന്നിവയാണ്. പദ്ധതി 30/12/2018 ന് പൂർത്തീകരിച്ചു. 05/03/2019-ന് കമ്മീഷൻ ചെയ്തു.

2. **കിഫ്ബി 2017-18 അമ്പലപ്പാറ ഗ്രാമ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി-രണ്ടാംഘട്ടം**

ഈ പദ്ധതിക്കുവേണ്ടി 1114 ലക്ഷം രൂപയുടെ ഭരണാനുമതിയും സാങ്കേതിക അനുമതിയും ലഭിച്ചു ഇതിലുൾപ്പെട്ട ഘടകങ്ങൾ 6.5 എംഎൽഡി ജലശുദ്ധീകരണശാല, 12 ലക്ഷം ലിറ്റർ ഉന്നതതല ജലസംഭരണി, റോ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പിങ് മെയിൻ, റോ വാട്ടർ പമ്പ് സെറ്റ് എന്നിവയാണ്. പദ്ധതിയുടെ ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു.

3. **കിഫ്ബി 2016-17 തച്ചനാട്ടുകര, അലനല്ലൂർ, കോട്ടോപ്പാടം പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി -ഒന്നാംഘട്ടം**

ഈ പദ്ധതിക്കുവേണ്ടി 2200 ലക്ഷം രൂപയുടെ ഭരണാനുമതിയും സാങ്കേതിക അനുമതിയും ലഭിച്ചു ഈ പദ്ധതിയിൽ 19 എംഎൽഡി ജലശുദ്ധീകരണശാല, കിണറും പമ്പ് ഹൗസും, റോ വാട്ടർ പമ്പിംഗ് മെയിൻ, 400 KVA ട്രാൻസ്ഫോമർ അനുബന്ധ പ്രവർത്തികളും എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ പദ്ധതിയുടെ 90% പ്രവൃത്തികൾ പൂർത്തീകരിച്ചു. ബാക്കിയുള്ള പ്രവർത്തികൾ പുരോഗമിച്ചുവരുന്നു. ഈ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ഉന്നതതല ജലസംഭരണികൾ, വിതരണശൃംഖല എന്നിവ പൂർത്തീകരിച്ചാൽ മാത്രമേ ജനങ്ങളിലേക്ക് കുടിവെള്ളമെത്തിക്കാൻ സാധിക്കുകയുള്ളൂ.

4. **UIDSSMT – ഒറ്റപ്പാലം നഗര കുടിവെള്ള പദ്ധതി**

ഈ പദ്ധതിയ്ക്ക് 1800 ലക്ഷം രൂപയുടെ ഭരണാനുമതി 3000 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതിയും ലഭിച്ചു. ഈ പദ്ധതിയിൽ 13MLD ശുദ്ധീകരണശാല, റോ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, വിതരണ ശൃംഖല, ഭരതപ്പുഴയിലെ തടയണ അനുബന്ധ പ്രവർത്തികൾ എന്നിവ ഉൾപ്പെടുന്നു. 44300 ഓളം ജനങ്ങൾക്ക് ഈ പദ്ധതിയിലൂടെ കുടിവെള്ളം ലഭ്യമാക്കുന്നു.

5. **അമ്പലപ്പാറ ശുദ്ധജല വിതരണ പദ്ധതി**

ഈ പദ്ധതിയിൽ ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, വിതരണ ശൃംഖല, വിവധ ടാങ്കുകൾ, എന്നീ അനുബന്ധ പ്രവർത്തികൾ ഉൾപ്പെടുന്നു. 17200 ഓളം ജനങ്ങൾക്ക് ഈ പദ്ധതിയിലൂടെ കുടിവെള്ളം ലഭ്യമാക്കുന്നു.

6. **ശ്രീകൃഷ്ണപുരവും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി**

800 ലക്ഷം രൂപ ഭരണാനുമതിയുള്ള ആ പദ്ധതിയിൽ 11 MLD ശുദ്ധീകരണശാല, റോ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, വിതരണ ശൃംഖല, വിവധയിടങ്ങളിലെ ടാങ്കുകൾ, പമ്പ് സെറ്റുകൾ തുടങ്ങിയവ ഉൾപ്പെടുന്നു. ഈ പദ്ധതിയിലൂടെ വിവിധ പഞ്ചായത്തുകളിലായി ഏകദേശം 84500 ഓളം ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നു.

7. **കരിമ്പുഴ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി**

500 ലക്ഷം രൂപ ഭരണാനുമതിയുള്ള പ്രസ്തുത പദ്ധതിയിൽ പദ്ധതിയിൽ 4 MLD ശുദ്ധീകരണശാല, റോ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, വിതരണ ശൃംഖല, ടാങ്കുകൾ, പമ്പ് സെറ്റുകൾ എന്നിവ ഉൾപ്പെടുന്നു. ഈ പദ്ധതി മുഖേന ഏകദേശം 2982 ഓളം ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നു.

8. **തച്ചനാട്ടുകര ഗ്രാമീണ കുടിവെള്ള പദ്ധതി**

ഈ പദ്ധതിയിൽ വിതരണ ശൃംഖല, വിവധയിടങ്ങളിലെ ടാങ്കുകൾ, ഇൻഫിൽറ്ററേഷൻ ഗ്യാലറി, പമ്പ് ഹൗസ് എന്നിവ ഉൾപ്പെടുന്നു. ഏകദേശം 6000 പേർക്ക് ഈ പദ്ധതിയിലൂടെ കുടിവെള്ളം ലഭ്യമാക്കുന്നു.

9. **നെല്ലിക്കുറിശ്ശി ഗ്രാമീണ കുടിവെള്ള പദ്ധതി**

പമ്പ് ഹൗസ്, വിതരണ ശൃംഖല എന്നിവ ഉൾപ്പെടുന്ന പ്രസ്തുത പദ്ധതി വഴി ഏകദേശം ആയിരത്തോളം പേർക്ക് കുടിവെള്ളം ലഭ്യമാക്കുന്നു.

Renuka Sankar
സെക്ഷൻ ഓഫീസർ